സീനിയോറിറ്റി ലിസ്റ്റിൽ നിന്നും താൽക്കാലിക പ്രൊമോഷൻ നൽകുകയായിരുന്നു.

(ഡി) ഇതിനെതിരായി ചിലർ കോടതിയിൽ കേസ്സുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) കേസ്സുകളിൽ കോടതി തീർപ്പുകൽപ്പിച്ചിട്ടില്ല.

(എഫ്)ടെസ്റ്റ് പാസ്സായ വിവരം ജില്ലകളിൽനിന്നും കിട്ടാതെ വന്നതുകാരണം പ്രൊമോഷൻ ലഭിക്കാതിരുന്ന ചിലരിൽനിന്നും പരാതി കിട്ടിയിട്ടുണ്ട്.

(ജി) പരാതി കിട്ടിയ മുറയ്ക്ക് തെറ്റുകൾ തിരുത്തിയിട്ടുണ്ട്. എന്നാൽ ഒ.പി.നമ്പർ 263/2000. 253/2000, എന്നിവയിലെ 4.2.2000 ലെ ഇടക്കാല ഉത്തരവ് പ്രകാരം തഹസീൽദാർ തസ്തികയിലെ പ്രൊമോഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ളതിനാൽ ഇപ്പോൾ പ്രൊമോഷൻ നൽകുന്നില്ല.

ബാലരാമപുരം ഗ്രാമപഞ്ചായത്ത് അധികാരപരിധി

56 (1404)<u>ശ്രീമതി ആർ. ലതാദേവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നെയ്യാറ്റിൻകര താലൂക്കിലെ ബാലരാമപുരം പഞ്ചായത്ത് പ്രദേശം, മൂന്ന് വില്ലേജാഫീസുകളുടെ അധികാരപരിധിയിൽ ഉൾപ്പെടുന്നതാണെന്ന വിവരം സർക്കാരിന് അറിവുണ്ടോ;

(ബി) ഇക്കാരണത്താൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കുവാൻ പ്രസ്തുത ഗ്രാമപഞ്ചായത്ത് പ്രദേശം ഒരു വില്ലേജിന്റെ പ്രവർത്തന പരിധിയിൽ കൊണ്ടുവരുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഡി) കേരളത്തിൽ മേൽപ്പറഞ്ഞവിധം വിവിധ പഞ്ചായത്തുകളിൽ ഒന്നിലധികം വില്ലേജിലും താലൂക്കിലും ഉൾപ്പെടുന്നതിലൂടെ ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ എന്തു നടപടിയാണ് സർക്കാർ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ)&(ബി) ഉണ്ട്.

(സി)&(ഡി) സംസ്ഥാനത്തെ പഞ്ചായത്തുകളുടെ എണ്ണം 990 മാത്രമാണ്. എന്നാൽ ഇപ്പോൾ 1452 വില്ലേജുകളുണ്ട്. ഇതിൽ 180 വില്ലേജുകൾ ഒന്നിലധികം പഞ്ചായത്തുകളിൽ വ്യാപിച്ചു കിടക്കുകയാണ്. ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന തത്വം നടപ്പാക്കണമെങ്കിൽ ഇന്നത്തെനിലയിൽ 462 വില്ലേജുകൾ കുറവു ചെയ്യുകയോ അത്രയും പഞ്ചായത്തുകൾ പുതുതായി രൂപീകരിക്കുകയോ വേണം. ഇതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. എന്നാൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരികയും ഗ്രാമപഞ്ചായത്തുകൾ പ്രാദേശിക ഗവൺമെന്റ് എന്നനിലയിൽ ശക്തവും കാര്യക്ഷമവുമായ അടിസ്ഥാന ഘടകങ്ങളായി മാറിക്കൊണ്ടിരിക്കുകയുമാണ്. ഗ്രാമപഞ്ചായത്ത് സംവിധാനം കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കാൻ ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന തത്വം പ്രയോഗത്തിൽ വരേണ്ടതാണ്. പഞ്ചായത്തുകളുടെ എണ്ണം 1130/2010.

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിക്കാതെ വില്ലേജുകളുടെ എണ്ണം പരിമിതപ്പെടുത്തുകയാണെങ്കിൽ ഓരോ വില്ലേജ് ഓഫീസും അതിനനുസരിച്ച് വിപുലപ്പെടുത്തുക മുതലായ കാര്യങ്ങൾ പരിശോധിക്കേണ്ടിവരും, എന്തായാലും ഗവൺമെന്റ് ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാനുള്ള നടപടി

57 (1414)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) കോയിപ്രം വില്ലേജിലെ പ്ലാവേലിച്ചിറ, പൊട്ടുകുളംചിറ നിവാസികൾക്ക് കൈവശഭൂമിക്ക് പട്ടയം നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം സർക്കാരിനു ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനത്തിന്റ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 30 വർഷത്തിലധികമായി ഈ പ്രദേശത്ത് താമസിച്ചുവരുന്ന ഭൂരഹിതരായ കൈവശക്കാർക്ക് അടിയന്തിരമായി കൈവശ ഭൂമി പതിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) കോയിപ്രം വില്ലേജിലെ പ്ളാവേലിച്ചിറയിലെ താമസക്കാരായ അപേക്ഷ സമർപ്പിച്ച 8 പേർക്കും പൊട്ടുകുളംചിറയിൽ അപേക്ഷ സമർപ്പിച്ച 5 പേർക്കും 10.1.2000-ൽ നടന്ന പട്ടയമേളയിൽ പട്ടയം നൽകി.

(ബി) ഉണ്ട്.

(സി)&(ഡി) പട്ടയം നൽകിയിട്ടുണ്ട്.

പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകാൻ നടപടി

58 (1416)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഹോസ്ദുർഗ് താലൂക്കിൽ പേരോൽ വില്ലേജിൽ കണ്ണൂർ യൂണിവേഴ്സിറ്റിക്ക് ഭൂമി പതിച്ചു നൽകൽ നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി പതിച്ചു നൽകാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) നിയമതടസ്സം ഒഴിവാക്കി ഭൂമി പതിച്ചു നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly